"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- വയനാട് ജില്ലയിലെ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 22.09.2025 തീയതിയിലെ 9/1 , 24.09.2025 തീയതിയിലെ 1/1 എന്നീ നമ്പർ തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണലിന്റെ പരിഗണനയ്ക്കായി റഫർ ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.865/2026/LSGD തീയതി,തിരുവനന്തപുരം, 07-04-2026

---

പരാമർശം:-
1. മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 22.09.2025 തീയതിയിലെ 9/1 നമ്പർ തീരുമാനം.
2. മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 24.09.2025 തീയതിയിലെ 1/1 നമ്പർ തീരുമാനം.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 29.01.2026-ലെ LSGD/PD/30442/2025-AR5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ വാർഡ് 7 ൽ കരിങ്കൽ ക്വാറി പ്രവർത്തിപ്പിക്കുന്നതിന് IFTE&OS ലൈസൻസ് അനുവദിക്കുന്നതിന് ശ്രീ. കുര്യാക്കോസ് മുട്ടത്ത് പൈലി, മുട്ടത്ത് ഹൗസ്, ചെറ്റപ്പാലം പി ഒ എന്നവർ അപേക്ഷ സമർപ്പിക്കുകയുണ്ടായി. കരിങ്കൽ ക്വാറി പ്രവർത്തിക്കുന്നതിന് ലൈസൻസ് നൽകേണ്ടതില്ലായെന്ന് പരാമർശം 1 പ്രകാരം മുള്ളൻകൊല്ലി ഗ്രാമ പഞ്ചായത്ത് തീരുമാനമെടുത്തു.

2) കരിങ്കൽ ക്വാറിക്ക് IFTE&OS ലൈസൻസ് ലഭിക്കുന്നതിന് ആവശ്യമായ എല്ലാ രേഖകളും അപേക്ഷകൻ ഹാജരാക്കിയതിനാൽ ലൈസൻസ് അനുവദിക്കണമെന്നും പഞ്ചായത്ത് തീരുമാനം നിയമാനുസൃതം അല്ലാത്തതിനാൽ ടി തീരുമാനം പുനരവലോകനം ചെയ്യണമെന്നും സെക്രട്ടറി അഭിപ്രായപ്പെട്ടു. എന്നാൽ മുൻ തീരുമാനത്തിൽ ഉറച്ച് നിൽക്കുന്നതായി പരാമർശം 2 പ്രകാരം ഭരണസമിതി തീരുമാനമെടുത്തു. തുടർന്ന്, സെക്രട്ടറി ടി വിഷയത്തിൽ തീരുമാനമെടുക്കുന്നതിനായി സർക്കാർ മുമ്പാകെ സമർപ്പിക്കുകയുണ്ടായി.

3) 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 232-ഉം അതേ തുടർന്നുള്ള ചട്ടങ്ങൾ പ്രകാരവും ക്വാറി ലൈസൻസ് അനുവദിക്കുന്നതിനായി ആവശ്യമായിട്ടുള്ള രേഖകൾ എല്ലാം ഹാജരാക്കിയിട്ടുള്ളതിനാൽ ലൈസൻസ് അനുവദിക്കേണ്ടതാണ്. വകുപ്പ് 233(3) പ്രകാരം സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, എത്രയും വേഗം, അനുവാദത്തിനായി അപേക്ഷിച്ചിരിക്കുന്ന ഫാക്ടറിയുടെയോ വർക്ക്ഷോപ്പിന്റെയോ

ജോലിസ്ഥലത്തിന്റെയോ സ്ഥാപിക്കലോ, യന്ത്രസാമഗ്രികളുടെയോ മാനുഫാക്ചറിംഗ് പ്ലാന്റിന്റേയോ സ്ഥാപിക്കലോ, പരിസരത്തെ ജനസാന്ദ്രത മൂലമോ ശല്യമോ മലിനീകരണമോ ഉണ്ടാക്കാനിടയുണ്ടെന്ന കാരണത്താലോ, ആക്ഷേപമുണ്ടെങ്കിൽ അന്വേഷണം നടത്തേണ്ടതും ഗ്രാമപഞ്ചായത്തിന് റിപ്പോർട്ട് ചെയ്യേണ്ടതും ഗ്രാമപഞ്ചായത്ത്, അപേക്ഷയും സെക്രട്ടറിയുടെയും (4)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള മറ്റ് അധികാരികളുടെയും റിപ്പോർട്ടുകൾ പരിഗണിച്ചതിനുശേഷം, കഴിയുന്നതുംവേഗം, എങ്ങനെയായിരുന്നാലും അപേക്ഷകിട്ടിയ തീയതി മുതൽ മുപ്പതുദിവസത്തിനകം അപേക്ഷിച്ചിട്ടുള്ള അനുവാദം പൂർണ്ണമായോ അതിന് യുക്തമെന്ന് തോന്നുന്ന മറ്റ് വ്യവസ്ഥകൾക്ക് വിധേയമായോ അനുവദിക്കേണ്ടതുമാണെന്നും പരാമർശം 3 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെടുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, വയനാട് ജില്ലയിലെ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 22.09.2025 തീയതിയിലെ 9/1, 24.09.2025 തീയതിയിലെ 1/1 എന്നീ നമ്പർ തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണലിന്റെ പരിഗണനയ്ക്കായി റഫർ ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, ട്രൈബ്യൂണൽ ഫോർ ലോക്കൽ ബോഡീസ്, ശ്രീമൂലം ബിൽഡിംഗ്സ്, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം (അനുബന്ധ രേഖകൾ സഹിതം).
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ഐ&പിആർഡി(വെബ് &ന്യൂമീഡിയ), തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by സെക്ഷൻ ഓഫീസർ
Pradeesh M.
Date: 07-04-2026 15:34:30